ഉത്തരം

അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ 2001 മേയ് മാസത്തെ വിഹിതവും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതവും ചുവടെ ചേർക്കുന്നു.

	2001 മേയ് മാസത്തെ അലോട്ട്മെന്റ് മെട്രിക് ടൺ	*ഇപ്പോൾ ലഭിക്കുന്ന പ്രതിമാസ അലോട്ട്മെന്റ് മെട്രിക് ടൺ*
അരി	146888	158337
ഗോതമ്പ്	37720	46792
പഞ്ചസാര	3915	4103
മണ്ണെണ്ണ	28859 (കി.ലി.)	23172 (കി.ലി.)

പൊതുവിതരണത്തിനുള്ള സബ്സിഡി

292 [1174] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെയുള്ള ഭക്ഷ്യധാന്യ വിതരണത്തിന്റെ സബ്സിഡി ഇനത്തിൽ 1996-97 മുതൽ 2004-05 സാമ്പത്തിക വർഷം വരെ ചെലവഴിക്കപ്പെട്ടിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ഇനത്തിൽ കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും ലഭിച്ച കേന്ദ്രവിഹിതത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2005-06 സാമ്പത്തിക വർഷം ഈ ഇനത്തിനായി വകയിരുത്തിട്ടുള്ള തുക എത്രയെന്നും ഇതിന്റെ വിതരണം എപ്രകാരമായിരിക്കുമെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 1996-1997 മുതൽ ഓരോ വർഷവും സംസ്ഥാന സർക്കാർ അനുവദിച്ച സബ്സിഡിയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

1996-1997	—	51,53,31,025 രൂപ
1997-1998	—	82,08,71,408 രൂപ
1998-1999	—	96,62,64,841 രൂപ
1999-2000	—	97,30,24,582 രൂപ
2000-2001	—	37,55,93,594 രൂപ

2001-02, 2002-03, 2003-04, 2004-05 വർഷങ്ങളിൽ സംസ്ഥാന സർക്കാർ സബ്സിഡി ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

GPM. 2/567/2012—39

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി നൽകിക്കൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാരിന് അനുവദിച്ചുനൽകുന്നത്. സബ്സിഡി കേന്ദ്രസർക്കാർ തുകയായി അനുവദിക്കുന്നില്ല.

(സി) സബ്സിഡി ഇനത്തിൽ തുക വകകൊള്ളിച്ചിട്ടില്ല.

പൊതുവിതരണ സമ്പ്രദായത്തിൽ കേന്ദ്രം വരുത്തുന്ന വ്യതിയാനങ്ങൾ

293 [1175] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പൊതുവിതരണ സമ്പ്രദായത്തിൽ മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നതായി അറിവുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഭക്ഷ്യസബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങളിൽ സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ ഉണ്ടെങ്കിൽ അതിനു മാറ്റംവരുത്തുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകുമോ;

(ഡി) പൊതുവിതരണ സമ്പ്രദായത്തിലൂടെ ഗുണനിലവാരമുള്ള അരിയാണ് വിതരണം നടത്തുന്നതെന്ന് ഉറപ്പാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) (എ), (ബി) എന്നീ പിരിവുകളിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പൊതുവിതരണ സമ്പ്രദായത്തിലൂടെ ഗുണനിലവാരമുള്ള അരിയാണ് വിതരണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly